പ്രധാനമന്ത്രി ജോഹന്നാസ്ബർഗിൽ നടന്ന IBSA നേതാക്കളുടെ യോഗത്തിൽ പങ്കെടുത്തു (നവംബർ 23, 2025)

നവംബർ 23, 2025

ദക്ഷിണാഫ്രിക്കയിലെ ജോഹന്നാസ്ബർഗിൽ നടന്ന IBSA നേതാക്കളുടെ യോഗത്തിൽ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി ഇന്ന് പങ്കെടുത്തു. ദക്ഷിണാഫ്രിക്കൻ പ്രസിഡന്റ് സിറിൽ റമഫോസ യോഗത്തിന് ആതിഥേയത്വം വഹിച്ചു, ബ്രസീൽ പ്രസിഡന്റ് ലൂയിസ് ഇനാസിയോ ലുല ഡ സിൽവയും യോഗത്തിൽ പങ്കെടുത്തു.

2. യോഗം തികച്ചും അവസരോചിതമാണെന്ന് അഭിപ്രായപ്പെട്ട പ്രധാനമന്ത്രി, ഇത് ആഫ്രിക്കൻ മണ്ണിലെ ആദ്യ G20 ഉച്ചകോടിക്ക് അനുബന്ധമായാണ് നടന്നതെന്നും, ഗ്ലോബൽ സൗത്ത് രാജ്യങ്ങൾ തുടർച്ചയായി നാല് G20 അധ്യക്ഷ പദവികൾ വഹിച്ചതിന്റെ പരിസമാപ്തിയാണ് ഈ യോഗമെന്നും ചൂണ്ടിക്കാട്ടി. ഈ നാല് അധ്യക്ഷ പദവികളിൽ അവസാനത്തെ മൂന്നെണ്ണം IBSA അംഗരാജ്യങ്ങളുടേതായിരുന്നു. മനുഷ്യ കേന്ദ്രീകൃത വികസനം, ബഹുരാഷ്ട്ര പരിഷ്കാരം, സുസ്ഥിര വളർച്ച എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന നിരവധി പ്രധാന സംരംഭങ്ങൾക്ക് ഇത് കാരണമായെന്ന് അദ്ദേഹം പറഞ്ഞു.

3. IBSA മൂന്ന് രാജ്യങ്ങളുടെ ഒരു കൂട്ടായ്മ മാത്രമല്ലെന്നും മൂന്ന് ഭൂഖണ്ഡങ്ങൾ, മൂന്ന് പ്രധാന ജനാധിപത്യ രാജ്യങ്ങൾ, മൂന്ന് പ്രധാന സമ്പദ്‌വ്യവസ്ഥകൾ എന്നിവയെ ബന്ധിപ്പിക്കുന്ന സുപ്രധാന വേദി കൂടിയാണെന്നും പ്രധാനമന്ത്രി ഊന്നിപ്പറഞ്ഞു.

4. ആഗോള ഭരണനിർവ്വഹണ സ്ഥാപനങ്ങൾ 21-ാം നൂറ്റാണ്ടിലെ യാഥാർത്ഥ്യങ്ങളിൽ നിന്ന് വളരെ അകലെയാണെന്ന് പ്രധാനമന്ത്രി അടിവരയിട്ടു. ആഗോള ഭരണനിർവ്വഹണ സ്ഥാപനങ്ങളുടെ, പ്രത്യേകിച്ച് UN സുരക്ഷാ കൗൺസിലിന്റെ പരിഷ്കരണം എന്നത്, ഇപ്പോൾ ഒരു താല്പര്യം മാത്രമല്ല അനിവാര്യതയാണെന്ന ശക്തമായ സന്ദേശം നൽകാൻ IBSA യോട് അദ്ദേഹം ആവശ്യപ്പെട്ടു.

5. ഭീകരവാദത്തെ നേരിടുന്നതിൽ അടുത്ത ഏകോപനത്തിന്റെ ആവശ്യം ഊന്നിപ്പറഞ്ഞ പ്രധാനമന്ത്രി ഭീകരവാദ വിരുദ്ധ വിഷയത്തിൽ ഇരട്ടത്താപ്പ് പാടില്ലെന്ന് വ്യക്തമാക്കി. മനുഷ്യ-കേന്ദ്രീകൃത വികസനം ഉറപ്പാക്കുന്നതിൽ സാങ്കേതികവിദ്യയുടെ നിർണായക പങ്ക് എടുത്തുപറഞ്ഞ പ്രധാനമന്ത്രി, UPI

പോലുള്ള ഡിജിറ്റൽ പൊതു അടിസ്ഥാന സൗകര്യങ്ങൾ, കോ-വിൻ പോലുള്ള ആരോഗ്യ പ്ലാറ്റ്ഫോമുകൾ, സൈബർ സുരക്ഷാ ചട്ടക്കൂടുകൾ, വനിതകൾ നയിക്കുന്ന സാങ്കേതിക സംരംഭങ്ങൾ എന്നിവ മൂന്നു രാജ്യങ്ങൾക്കുമിടയിൽ പങ്കിടുന്നതിനുള്ള സൗകര്യമൊരുക്കുന്നതിന് ഒരു 'IBSA ഡിജിറ്റൽ ഇന്നൊവേഷൻ അലയൻസ്' സ്ഥാപിക്കാൻ പ്രധാനമന്ത്രി നിർദ്ദേശിച്ചു.

6. സുരക്ഷിതവും വിശ്വസനീയവും മനുഷ്യ-കേന്ദ്രീകൃതവുമായ AI മാനദണ്ഡങ്ങൾ വികസിപ്പിക്കുന്നതിന് സംഭാവന നൽകാനുള്ള IBSA യുടെ സാധ്യതയും പ്രധാനമന്ത്രി എടുത്തുപറഞ്ഞു. അടുത്ത വർഷം ഇന്ത്യയിൽ നടക്കുന്ന AI ഇംപാക്ട് ഉച്ചകോടിയിലേക്ക് അദ്ദേഹം IBSA നേതാക്കളെ ക്ഷണിച്ചു.

7. വികസനം പരസ്പര പൂരകമാക്കാനും സുസ്ഥിര വളർച്ചയ്ക്ക് മാതൃകയാകാനും IBSA ക്ക് കഴിയുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. ചെറുധാന്യങ്ങൾ, പ്രകൃതിദത്ത കൃഷി, ദുരന്തങ്ങളെ അതിജീവിക്കാനുള്ള ശേഷി, ഹരിത ഊർജ്ജം, പരമ്പരാഗത വൈദ്യശാസ്ത്രം, ആരോഗ്യ സുരക്ഷ തുടങ്ങിയ മേഖലകളിലെ സഹകരണ സാധ്യതകൾ അദ്ദേഹം എടുത്തുകാട്ടി.

8. വിദ്യാഭ്യാസം, ആരോഗ്യം, സ്ത്രീ ശാക്തീകരണം, സൗരോർജ്ജം തുടങ്ങിയ മേഖലകളിൽ നാൽപ്പതോളം രാജ്യങ്ങളിലെ പദ്ധതികളെ പിന്തുണയ്ക്കുന്ന IBSA ഫണ്ടിന്റെ പ്രവർത്തനങ്ങളെ പ്രധാനമന്ത്രി അഭിനന്ദിച്ചു, ദക്ഷിണ-ദക്ഷിണ സഹകരണം കൂടുതൽ മുന്നോട്ട് കൊണ്ടുപോകുന്നതിനായി കാലാവസ്ഥാ മാറ്റത്തെ അതിജീവിക്കാൻ കഴിയുന്ന കൃഷിക്കായുള്ള IBSA ഫണ്ട് പ്രധാനമന്ത്രി നിർദ്ദേശിച്ചു. പ്രധാനമന്ത്രിയുടെ പ്രസംഗം പൂർണ്ണമായി ഇവിടെ കാണാം [here].

ജോഹന്നാസ്ബർഗ്

നവംബർ 23, 2025